പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2227 16.08. 2017 ൽ മറുപടിക്ക്

**നെയ്യാർഡാമിലെ വൈദ്യുതി കണക്ഷൻ കട്ട്ചെയ്ത നടപടി**

ചോദ്യം

ശ്രീ.പി.സി.ജോർജ്ജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) വൈദ്യുതി കുടിശ്ശിക അഞ്ചരലക്ഷം വരുത്തിയതിന്റെ പേരിൽ 21.07.17-ന് നെയ്യാർ ഡാമിലെ വൈദ്യുതി ഫ്യൂസ് ഊരി അധികൃതർ വൈദ്യുതി വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്ത് മാനദണ്ഡത്തിന്റെ പേരിലാണ് ഉച്ചയ്ക്ക് ഫ്യൂസ് ഊരുകയും വൈകിട്ട് വൈദ്യുതി കണക്ഷൻ പുന:സ്ഥാപിച്ച് നൽകുകയും ചെയ്തത്; വിശദമാക്കുമോ ;<br>(സി) പ്രസ്തുത കുടിശ്ശിക തുക ഇറിഗേഷൻ വകുപ്പ് അടച്ചോ; ഇല്ലെങ്കിൽ കുടിശ്ശിക അടയ്ക്കാതെ വൈദ്യുതി കണക്ഷൻ കൊടുക്കുവാൻ ആരാണ് ഉത്തരവിട്ടത്; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;<br>(ഡി) ഒരു ഗാർഹിക ഉപഭോക്താവിന്റെ തുച്ഛമായ വൈദ്യുതി ബിൽ കുടിശ്ശികയായാൽ ഫ്യൂസ് ഊരുന്ന കെ.എസ്.ഇ.ബി, ഇപ്രകാരം കുടിശ്ശിക അടയ്ക്കാതെ ഇറിഗേഷൻ വകുപ്പിന് വൈദ്യുതി നൽകിയത് നിയമാനുസൃതമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br>(ഇ) ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ബി) (സി),(ഡി),(ഇ) നെയ്യാർ ഡാമിലേക്കുള്ള വൈദ്യുത കണക്ഷനാണ് വിച്ഛേദിച്ചത്. കുടിശ്ശിക അടയ്ക്കാത്തതിനാൽ ആദ്യം നോട്ടീസ് നൽകുകയും നോട്ടീസിന്റെ കാലാവധി കഴിഞ്ഞിട്ടും കുടിശ്ശിക അടയ്ക്കാത്തതിനെ തുടർന്നാണ് വൈദ്യുതി വിച്ഛേദിച്ചത്. അടിയന്തിര സാഹചര്യങ്ങളിൽ ജലനിരപ്പ് നിയന്ത്രിക്കുന്ന ഷട്ടറും സംരക്ഷിത മേഖലയായ നെയ്യാർ ഡാമിലെ റിസർവോയർ ഉൾപ്പെടെയുള്ളിടത്തെ വൈദ്യുതി വിളക്കുകളും പ്രവർത്തിക്കാതിരിക്കുന്നത് സുരക്ഷാ ഭീഷണിയാകുമെന്ന പ്രത്യേക പരിഗണന നൽകിയാണ് അന്നു തന്നെ തുക അടയ്ക്കാമെന്ന ഇറിഗേഷൻ വകുപ്പിലെ അസ്സിസ്റ്റന്റ് എൻജിനീയറുടെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി പുനസ്ഥാപിച്ചത്. കുടിശ്ശിക തുക ഇറിഗേഷൻ വകുപ്പ് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ